# കേരള സർക്കാർ

## സംസ്ഥാന ഓഡിറ്റ് വകുപ്പ്
www.lfa.kerala.gov.in

# വടവുകോട് ബ്ലോക്ക് പഞ്ചായത്ത്
# ഓഡിറ്റ് റിപ്പോർട്ട്
# 2017-18

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് ഓഫീസ്
എറണാകുളം

e-mail:doekm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ടു സഹിതം)

നം.കെഎസ്എ-ഇകെഎം(BP)282/2019 കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം,എറണാകുളം
സിവിൽ സ്റ്റേഷൻ, കാക്കനാട്-68203
ഫോൺ : 0484 2422271
ഇ മെയിൽ : doekm.ksad@kerala.gov.in
തീയതി : 11.03.2019

ജോയിന്റ് ഡയറക്ടർ

പ്രസിഡന്റ് ,
വടവുകോട് ബ്ലോക്ക്പഞ്ചായത്ത്
(സെക്രട്ടറി മുഖേന)

സർ,

വിഷയം :- വടവുകോട് ബ്ലോക്ക്പഞ്ചായത്ത്- 2017-18 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്.

**********************************

1994 -ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 -ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 -ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വടവുകോട് ബ്ലോക്ക്പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാ ഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) -ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2 -ലെ ഖണ്ഡികകളിലേയ്ക്കും ഭാഗം 3 ലെ ഖണ്ഡികകളിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ജോയിന്റ് ഡയറക്ടർ

പകർപ്പ് :-

1. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
2. അസിസ്റ്റന്റ് ഡവലപ്പ് മെന്റ് കമ്മീഷണർ,എറണാകുളം
3. കാര്യാലയ പകർപ്പ്.

.

നം KSAEKM (ബി.പി.)282 /2019

തീയതി: 11.3.2019

## എറണാകുളം ജില്ലയിലെ വടവുകോട് ബ്ലോക്ക്പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

എറണാകുളം ജില്ലയിലെ വടവുകോട് ബ്ലോക്ക്പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 19.10.2017 മുതൽ 14.2.2019 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചിട്ടുണ്ട്. ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. ഇതിൽ മൂന്ന് അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ മറുപടി ഒന്നും ലഭിച്ചില്ല. ഓഡിറ്റ് പരാമർശങ്ങൾക്കുള്ള മറുപടി എക്സിറ്റ് മീറ്റിംഗിൽ ചർച്ച ചെയ്തതിനു ശേഷമാണ് പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ സംസ്ഥാന ഓഡിറ്റ് വകുപ്പിന് ഉത്തരവാദിത്തമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന്ചുമതലപ്പെട്ട ഉദ്യോഗസ്ഥ | ശ്രീമതി.മിനിമോൾ കെ.ജി, ജോയിന്റ് ഡയറക്ടർ |
| ഓഡിറ്റ് നടത്തിയ തിയതി | 15.2.2019 മുതൽ 21.2.2019 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | |
| പേര് | ഉദ്യോഗപ്പേര് |
| ശ്രീ.അജിതൻ ടി.എൻ. | ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ.) |
| ശ്രീമതി ബബിത ബി. കുമാർ | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| ശ്രീ അനീഷ് ആർ. | ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| | പേര് | കാലയളവ് | |
|---|---|---|---|
| പ്രസിഡന്റ് | ശ്രീമതി ഗൗരി വേലായുധൻ | 1.4.2017 | 31.3.2018 |
| വൈസ് പ്രസിഡന്റ് | ശ്രീ ബിനീഷ് പുല്യാട്ടേൽ | 1.4.2017 | 31.3.2018 |
| സ്റ്റാൻറിംഗ് കമ്മറ്റി ചെയർ പേഴ്സൺസ് | | | |
| വികസന കാര്യം | ശ്രീമതി ലത സോമൻ | 1.4.2017 | 31.3.2018 |

| | | | |
|---|---|---|---|
| ക്ഷേമകാര്യം | ശ്രീ എൻ.എം. രാജൻ | 1.4.2017 | 31.3.2018 |
| വിദ്യാഭ്യാസം & ആരോഗ്യകാര്യം | ശ്രീമതി ബീന കുര്യാക്കോസ് | 1.4.2017 | 31.3.2018 |

| | | | |
|---|---|---|---|
| സെക്രട്ടറി | ശ്രീ റ്റി.ബി. മീരാൻ കുഞ്ഞ്. | 1.4.2017 | 4.10.2017 |
| | ശ്രീമതി സാലി റ്റി.സി. (ജോയിന്റ് ബി.ഡി.ഒ.) | 5.10.2017 | 19.11.2017 |
| | ശ്രീ റ്റി.ബി. മീരാൻ കുഞ്ഞ്. | 20.11.2017 | 15.12.2017 |
| | ശ്രീമതി സാലി റ്റി.സി. (ജോയിന്റ് ബി.ഡി.ഒ.) | 16.12.2017 | 31.12.2017 |
| | ശ്രീ റ്റി.ബി. മീരാൻ കുഞ്ഞ്. | 1.1.2018 | 28.2.2018 |
| | ശ്രീമതി സാലി റ്റി.സി. (ജോയിന്റ് ബി.ഡി.ഒ.) | 1.3.2018 | 31.3.2018 |

നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് | |
|---|---|---|---|
| | | മുതൽ | വരെ |
| കൃഷി അസിസ്റ്റന്റ് ഡയറക്ടർ | ശ്രീ എൻ.കെ. ഉണ്ണിമോൻ | 1.4.2017 | 31.3.2018 |
| മെഡിക്കൽ ഓഫീസർ സി.എച്ച്.സി, വടവുകോട് | ഡോ. സുജ അലോഷ്യസ് | 1.4.2017 | 31.3.2018 |
| മെഡിക്കൽ ഓഫീസർ (കടയിരുപ്പ്) | ഡോ. രാജലക്ഷ്മി | 1.4.2017 | 31.3.2018 |
| ശിശു വികസന ഓഫീസർ | ശ്രീമതി പ്രീത ആർ | 1.4.2017 | 31.3.2018 |
| പട്ടിക ജാതി വികസന ഓഫീസർ | ശ്രീ വിൽസൺ മത്തായി | 1.4.2017 | 31.3.2018 |
| ക്ഷീര വികസന ഓഫീസർ | ശ്രീമതി ജാക്വിലിൻ ഡൊമിനിക് | 1.4.2017 | 18.6.2017 |
| | ശ്രീമതി പ്രീത ആർ | 19.6.2017 | 31.3.2018 |
| വ്യവസായ വികസന ഓഫീസർ | ശ്രീമതി ഷെമി എ.എച്ച്. | 1.4.2017 | 31.3.2018 |
| അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | ശ്രീമതി ഇന്ദു എസ്.എസ്. | 1.4.2017 | 15.1.2018 |
| | ശ്രീ ടിൻസ് എച്ച് | 16.1.2018 | 5.2.2018 |
| | ശ്രീ തങ്കച്ചൻ പി.ജെ. | 6.2.2018 | 31.3.2018 |

ഉള്ളടക്കം


| ക്രമ നം. | ഭാഗം 1<br>പൊതു അവലോകനം | ഖണ്ഡിക നമ്പർ | പേജ് നമ്പർ |
|---|---|---|---|
| 1 | ബജറ്റ് | 1-1 | |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 | |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് | 1-3 | |

| | | | |
|---|---|---|---|
| | നല്കിയതിന്റെ വിവരം | | |
| 4 | സാമ്പത്തിക വിശകലനം | 1-4 | |
| 5 | ഫണ്ട് വിനിയോഗം | 1-5 | |
| 6 | പദ്ധതി അവലോകനം. | 1-6 | |
| 7 | ക്യാഷ് വെരിഫിക്കേഷൻ | 1-7 | |
| 8 | ആഭ്യന്തരനിയന്ത്രണം. | 1-8 | |
| 9 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-9 | |
| | ഭാഗം 2 | | |
| 1 | കെട്ടിടവാടക ഡിമാന്റ് ചെയ്തില്ല | 2-1 | |
| | ഭാഗം- 3 | | |
| 1 | വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല | 3-1 | |
| 2 | സെന്റേജ് ചാർജ് അധികം നല്കി | 3-2 | |
| 3 | സർക്കാർ നിർദ്ദേശം പാലിച്ചില്ല | 3-3 | |
| 4 | വിനിയോഗിക്കാത്ത തുക തിരികെ ഈടാക്കിയില്ല | 3-4 | |
| 5 | സോളാർ പാനൽ പ്രവർത്തിക്കുന്നില്ല | 3-5 | |
| 6 | ഹിൽ ഏരിയ ഡെവലപ്മെന്റ് ഏജൻസിയുടെ പഴം, പച്ചക്കറി വികസന പദ്ധതി | 3-6 | |
| | ഭാഗം 4<br>പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | | |
| 1 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 | |
| 2 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 | |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 | |
| 4 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 | |
| 5 | സ്ഥിരനിക്ഷേപങ്ങൾ | 4-5 | |
| 6 | ഓഡിറ്റ് റിക്കവറി | 4-6 | |
| 7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-7 | |
| 8 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-8 | |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 | |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-10 | |
| | ഓഡിറ്റ് സർട്ടിഫിക്കറ്റ് | അനുബന്ധം.1 | |
| | വാർഷിക ധനകാര്യ പത്രികയിലെ അപാകതകൾ | അനുബന്ധം.2 | |

| | | | |
|---|---|---|---|
| | ബാലൻസ് ഷീറ്റ് | അനുബന്ധം.3 | |
| | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് | അനുബന്ധം.4 | |
| | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | അനുബന്ധം.5 | |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2017-18 ലേക്കുള്ള ബജറ്റ് 21.3.2017 തീയതിയിലെ ഒന്നാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു.

## 1-2 വാർഷിക ധനകാര്യപത്രിക.

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2017-18 | 31.7.2018 | 2.6.2018 |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2017-18 | 5.10.2018 & 6.10.2018 | KSA EKM (BP)2067/18 / 12.10.2018 |

(ഓഡിറ്റ് സർട്ടിഫിക്കറ്റ്, ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യപത്രികയിലെ ബാലൻസ് ഷീറ്റ്, ഇൻകം ആന്റ് എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ്, റസീറ്റ് ആന്റ് പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, എന്നിവ അനുബന്ധമായി ചേർത്തിരിക്കുന്നു.*)*

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 27264981.00 |
| വരവ് | 52695595.00 |
| ആകെ | 79960576.00 |
| ചെലവ് | 65440727.00 |
| നീക്കിയിരിപ്പ് | 14519849.00 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻ ബാക്കി | വരവ് തുക | ആകെ | ചെലവ് തുക | നീ ക്കി ബാക്കി (RP40B) | ചെലവഴി ക്കാതെ പോയ തുക |
|---|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 27555045 | 27555045 | 25119864 | 0 | 2435181 |

| | | | | | | |
|---|---|---|---|---|---|---|
| വികസന ഫണ്ട് (എസ്.സി.പി) | 0 | 16391000 | 16391000 | 11446237 | 0 | 4944763 |
| വികസന ഫണ്ട് (ടി. എസ്. പി) | 0 | 405000 | 405000 | 358578 | 0 | 46422 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 0 | | | | 0 | |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 0 | 3511998 | 3511998 | 2969279 | 0 | 542719 |
| ജനറൽ പർപ്പസ് ഗ്രാന്റ് | 4426599 | 5276165 | 9702764 | 9187021 | 515743 | 0 |
| IAY state share | 1189268 | 347660 | 1536928 | 1439009 | 97919 | 0 |
| UBI misc | 81931 | 643289 | 725220 | 653095 | 72125 | 0 |
| SBT IAY | 19211400 | 4887120 | 24098520 | 11309668 | 12788852 | 0 |
| Canara bank IAY Homestead | 74814 | 1492 | 76306 | 0 | 76306 | 0 |
| SBTസാക്ഷരത | 2940 | 58 | 2998 | 0 | 2998 | 0 |
| Canara bank total sanitation | 2242529 | 79093 | 2321622 | 1215574 | 1106048 | 0 |
| IAY loan | 35500 | 0 | 35500 | 10000 | 25500 | 0 |
| ട്രഷറി ജോയിന്റ് വെഞ്ചർ | 0 | 2478000 | 2478000 | 2665373 | (-)187373 | 0 |
| MKSP | 0 | 36047 | 36047 | 36000 | 47 | 0 |
| Corporation bank IAY | 0 | 27855 | 27855 | 6171 | 21684 | 0 |

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത്. എണ്ണം | പദ്ധതി അടങ്കൽ | നടപ്പാക്കിയത്.എണ്ണം | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത്. എണ്ണം | നടപ്പാക്കാത്തവ എണ്ണം | പൂർത്തീകരിച്ച പ്രോജക്ടുകളുടെ % |
|---|---|---|---|---|---|---|
| 109 | 47866000 | 83 | 39864112 | 25 | 1 | 76.17 |

## 1-7 ക്യാഷ് വെരിഫിക്കേഷൻ

. 1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 20.2.2019 ന് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 1030 /- രൂപയുടെ കൃത്യത ബോധ്യപ്പെട്ടു.

## 1-8 ആഭ്യന്തരനിയന്ത്രണം.

1) ഓരോ വർഷവും സൃഷ്ടിക്കപ്പെടുന്ന ആസ്തികൾ അതിന്റെ യഥാർഥമൂല്യത്തോടെയും, ചട്ടത്തിൽ നിഷ്കർഷിക്കുന്ന ഡിപ്രിസിയേഷൻ നല്കിയും ആസ്തി രജിസ്റ്ററിൽ ചേർത്തിട്ടുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

2) ഇൻകൃമ്പൻസി രജിസ്റ്റർ

ഇൻകൃമ്പൻസി രജിസ്റ്റർ പൂർണ്ണമായി എഴുതി സൂക്ഷിക്കുന്നില്ല. എല്ലാ നിർവ്വഹണോദ്യോഗസ്ഥരുടേയും വിവരങ്ങൾ ഉൾപ്പെടുത്തി രജിസ്റ്റർ കൃത്യമായി തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്.

## 1-9 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 5.10.2017–12.10.2017 | 2016-17 | 6.3.2018 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 7.3.2018 | 2013- 14 മുതൽ 2016-17 വരെ | 9.5.2018 |

# ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 കെട്ടിടവാടക ഡിമാന്റ് ചെയ്തില്ല

ബ്ലോക്ക് പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങളിൽ നിന്നും 2017-18 സാമ്പത്തിക വർഷത്തിൽ ആകെ ലഭിക്കേണ്ട വാടക 165900/- രൂപയാണ്. എന്നാൽ, 2017-18 വാർഷിക ധനകാര്യ പത്രികയിലെ RP43 ഷെഡ്യൂൾ പ്രകാരം വാടക ഇനത്തിൽ ഈടാക്കിയ തുക 142365/- രൂപയാണ്. ഈ തുക തന്നെയാണ് I1 ഷെഡ്യൂൾ പ്രകാരവും ഡിമാന്റ് ചെയ്തിരിക്കുന്നത്. ബാക്കി തുക 23535/- രൂപ ഡിമാന്റ് ചെയ്യുകയോ, കുടിശികയായി B15 ഷെഡ്യൂളിൽ ഉൾപ്പെടുത്തുകയോ ചെയ്തിട്ടില്ല. ആയതിനാൽ, വാടക ഇനത്തിൽ ലഭിക്കാനുള്ള ആകെ തുകയും ഡിമാന്റ് ചെയ്ത് കുടിശികയിൽ ഉൾപ്പെടുത്താനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

# ഭാഗം-3

## ചെലവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല

വിവിധ പ്രൊജക്ടുകളിലെ ചെലവുകൾക്ക് വിനിയോഗ സർട്ടിഫിക്കറ്റ് ലഭിച്ചിട്ടില്ല. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

1)

| | |
|---|---|
| പ്രൊജക്ട് നം.,പേര് | എസ് 0119/18 , വടവുകോട് പുത്തൻകുരിശ് ഗ്രാമപഞ്ചായത്തിന്റെ ബയോകമ്പോസ്റ്റർ - ബയോ കമ്പോസ്റ്റ് ബിൻ പ്രൊജക്ടിന് ബ്ലോക്ക് വിഹിതം നല്കൽ |

| | |
|---|---|
| അടങ്കൽ | 14,00,000/- (വികസനഫണ്ട്) |
| ചെലവ് | 14,00,000/- |
| നല്കിയത് | വടവുകോട് പുത്തൻകുരിശ് ഗ്രാമപഞ്ചായത്ത് സെക്രട്ടറി (അക്കൗണ്ട് ട്രാൻസ്ഫർ) |
| ബിൽ നം.,തീയതി,തുക | 12/17-18 ; 15.01.18 ; 14,00,000/- |
| നിർവഹണഉദ്യോഗസ്ഥൻ | സെക്രട്ടറി |

2)

| | |
|---|---|
| പ്രൊജക്ട് നം.,പേര് | എസ് 004/18 , ഐകെഎം വിഹിതം |
| അടങ്കൽ | 81494/- (വികസനഫണ്ട്) |
| ചെലവ് | 81494/- |
| നല്കിയത് | എക്സിക്യൂട്ടിവ് ഡയറക്ടർ ,ഐകെഎം (അക്കൗണ്ട് ട്രാൻസ്ഫർ) |
| ബിൽ നം.,തീയതി,തുക | 03/17-18 ; 31.07.17 ; 81494/- |
| നിർവഹണഉദ്യോഗസ്ഥൻ | സെക്രട്ടറി |

3)

| | |
|---|---|
| പ്രൊജക്ട് നം.,പേര് | എസ് 0016/18 , ഐക്കരനാട് ഗ്രാമപഞ്ചായത്ത് വാർഡ് 9 NH 49 കഴനിലത്തിൽ പാടം റോഡ് -ബ്ലോക്ക് വിഹിതം |
| അടങ്കൽ | 5,00,000/-(വികസനഫണ്ട്) |
| ചെലവ് | 5,00,000/- |
| നല്കിയത് | ഐക്കരനാട് ഗ്രാമപഞ്ചായത്ത് സെക്രട്ടറി (അക്കൗണ്ട് ട്രാൻസ്ഫർ) |
| ബിൽ നം.,തീയതി,തുക | 07/17-18 ; 30.10.17 ; 5,00,000/- |
| നിർവഹണഉദ്യോഗസ്ഥൻ | സെക്രട്ടറി |

4)

| | |
|---|---|
| പ്രൊജക്ട് നം., പേര് | എസ് 0016/18 , ചൂണ്ടി കാരിക്കാട്ടുമല റോഡ് റീ ടാറിംഗ് |
| അടങ്കൽ | 5,00,000/-(വികസനഫണ്ട്) |
| ചെലവ് | 5,00,000/- |
| ബിൽ നം.,തീയതി,തുക | 08/17-18 ; 31.10.17 ; 5,00,000/- |
| നല്കിയത് | പൂത്തൃക്ക ഗ്രാമപഞ്ചായത്ത് സെക്രട്ടറി |
| നിർവഹണഉദ്യോഗസ്ഥൻ | സെക്രട്ടറി |

മുകളിൽ പരാമർശിച്ച പ്രൊജക്ടുകളുടെ ധനവിനിയോഗസാക്ഷ്യപത്രം ലഭിച്ചിട്ടില്ല. ഓഡിറ്റ് എൻക്വയറിക്കുള്ള (2) മറുപടിയൊന്നും നൽകിയില്ല. ചെലവ് തുക 2481494/- രൂപ തടസ്സപ്പെടുത്തുന്നു.

## 3-2 സെന്റേജ് ചാർജ് അധികം നല്കി

ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് വേണ്ടി തുക അടവാക്കിയെങ്കിലും പ്രവൃത്തി പൂർത്തികരിച്ചില്ല.

വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

1)

| | |
|---|---|
| പ്രൊജക്റ്റ് നം.,പേര് | എസ് 0007/18, ഐക്കരനാട് പഞ്ചായത്തിലെ കുട്ടക്കാഞ്ഞിരം-കുരങ്ങാടൻമല പൈപ്പ്‌ലൈൻ എക്സ്റ്റൻഷൻ |
| അടങ്കൽ | 2,20,000/-(വികസനഫണ്ട്) |
| ചെലവ് | 2,20,000/- |
| ബിൽ നം.,തീയതി,തുക | 06/17-18 ; 18.09.17 ; 2,20,000/- |
| നിർവഹണഉദ്യോഗസ്ഥൻ | സെക്രട്ടറി |

ടി പദ്ധതിക്ക് സെന്റേജ് ചാർജിനത്തിൽ വർക്കിംഗ് ചാർജിന്റെയും സാധനങ്ങളുടെയും വിലയായ 1,93,474/- രൂപയുടെ 12.5 ശതമാനമായ 24184/- രൂപ നല്കിയിട്ടുണ്ട്. പിഡബ്ല്യുഡി മാന്വൽ 1601.4 പ്രകാരം ഡെപ്പോസിറ്റ് വർക്കുകൾക്ക് എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനുള്ള ചാർജായ 2.5 ശതമാനം തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിൽ നിന്ന് വാങ്ങാവുന്നതല്ല. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്ന് 10 ശതമാനം തുകയാണ് ഈടാക്കേണ്ടത്. 4837 രൂപ (24184 – 19347 ) അധികം വാട്ടർ അതോറിറ്റിക്ക് നല്കിയിട്ടുണ്ട്.

2)

| | | |
|---|---|---|
| പ്രൊജക്റ്റ് നം.,പേര് | എസ് 0008/18, കുന്നത്തുനാട് പഞ്ചായത്തിലെ കോഴിമല നെല്ലിക്കാമുകൾ കോളനി പൈപ്പ്‌ലൈൻ എക്സ്റ്റൻഷൻ | |
| അടങ്കൽ | 35,000/-(വികസനഫണ്ട്) & 10,00,000/-(എസ്‌സിപി) ആകെ 10,35,000/- രൂപ | |
| ചെലവ് | 10,35,000/- | |
| ബിൽ നം.,തീയതി,തുക | 1)04/17-18 ; 31.07.17 ; 10,00,000/- | |
| | 2)10/17-18 ; 27.11.17 ; 35,000/- | |
| നിർവഹണഉദ്യോഗസ്ഥൻ | സെക്രട്ടറി | |

ടി പദ്ധതിക്ക് സെന്റേജ് ചാർജിനത്തിൽ വർക്കിംഗ് ചാർജിന്റെയും സാധനങ്ങളുടെയും വിലയായ 918008/- രൂപയുടെ 10 ശതമാനം തുകയായ 91801/- രൂപ നല്കുന്നതിന് പകരം 12.5 ശതമാനം തുകയായ 114751/- രൂപയാണ് നല്കിയത്. അധികം നല്കിയത് 22950/- രൂപ .

3)

| | |
|---|---|
| പ്രൊജക്റ്റ് നം.,പേര് | എസ് 0125/18, വടവുകോട് മറ്റപ്പിള്ളി കുരിശിനു സമീപം പൈപ്പ്‌ലൈൻ എക്സ്റ്റൻഷൻ |
| അടങ്കൽ | 2,45,000/-(വികസനഫണ്ട്) & 2,55,000/-(തനത് ഫണ്ട്) ആകെ 5,00,000/- രൂപ |
| ചെലവ് | 2,45,000/- & 2,25,000/-(തനത് ഫണ്ട്) |

| | |
|---|---|
| | ആകെ ചെലവ് 4,70,000 /- രൂപ |
| ബിൽ നം.,തീയതി,തുക | 13/17-18 ; 15.01.18 ; 2,45,000/- ,(തനത് ഫണ്ടിൽ നിന്ന് തുക പിൻവലിച്ചതിന്റെ രേഖകൾ ലഭ്യമല്ല.) |
| നിർവഹണഉദ്യോഗസ്ഥൻ | സെക്രട്ടറി |

ടി പദ്ധതിക്ക് സെന്റേജ് ചാർജിനത്തിൽ വർക്കിംഗ് ചാർജ് ,സാധനങ്ങളുടെ വില,റോഡ് കട്ടിംഗ് റെസ്റ്റൊറേഷൻ ചാർജ് എന്നിവയുടെ തുകയായ 411976.83 /- രൂപയുടെ 10 ശതമാനം തുകയായ 41198/- രൂപ നല്കുന്നതിന് പകരം 12.5 ശതമാനം തുകയായ 51497/- രൂപയാണ് നല്കിയത്. അധികം നല്കിയത് 10299/- രൂപ.

4)

| | |
|---|---|
| പ്രൊജക്റ്റ് നം.,പേര് | എസ് 0131/18, മഴവന്നൂർ പഞ്ചായത്തിലെ തട്ടാമുകൾ ബ്ലാന്തേവർ അമർ ജവാൻ റോഡ് പൈപ്പ്ലൈൻ എക്സ്റ്റൻഷൻ |
| അടങ്കൽ | 439251/-(വികസനഫണ്ട്) & 60749/-(തനത് ഫണ്ട്) ആകെ 5,00,000/- രൂപ |
| ചെലവ് | 5,00,000/- |
| ബിൽ നം.,തീയതി,തുക | 21/17-18 ; 24.03.18 ; 439251/- (തനത് ഫണ്ടിൽ നിന്ന് തുക പിൻവലിച്ചതിന്റെ രേഖകൾ ലഭ്യമല്ല.) |
| നിർവഹണഉദ്യോഗസ്ഥൻ | സെക്രട്ടറി |

ടി പദ്ധതിക്കായി 444038.19/- രൂപയുടെ 10 ശതമാനം തുകയായ 44404/- രൂപ നല്കുന്നതിന് പകരം 12.5 ശതമാനം തുകയായ 55505/- രൂപയാണ് നല്കിയത്. അധികം നല്കിയത് 11101/- രൂപ.

മുകളിൽ പരാമർശിച്ച 4 പ്രൊജക്റ്റുകളിലും സെന്റേജ് ചാർജ് 10 ശതമാനം നല്കുന്നതിനു പകരം 12.5 ശതമാനം നല്കിയതിനു വിശദീകരണം നല്കേണ്ടതാണ്.കൂടാതെ 4 പ്രൊജക്റ്റുകളുടെയും ധനവിനിയോഗസാക്ഷ്യപത്രവും പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. ചെലവ് തുക 2225000/- രൂപ തടസ്സപ്പെടുത്തുന്നു.

## 3-3 സർക്കാർ നിർദ്ദേശം പാലിക്കേണ്ടതാണ്

| | |
|---|---|
| പ്രൊജക്റ്റ് നം.,പേര് | എസ്.0021/18, കൗമാരക്കാരായ പെൺകുട്ടികളുടെ ക്ലബിന് ലൈബ്രറി പുസ്തകങ്ങൾ |
| അടങ്കൽ | 2,50,000/- (വികസനഫണ്ട്) |
| ചെലവ് | 2,50,000/- |
| ബിൽ നം.,തീയതി,തുക | 12/17-18 ; 19.01.18 ; 2,50,000/- |
| നിർവഹണഉദ്യോഗസ്ഥൻ | ചൈൽഡ് ഡെവലപ്മെന്റ് പ്രോഗ്രാം ഓഫീസർ |

കൗമാരക്കാരായ പെൺകുട്ടികളുടെ ക്ലബുകൾ പ്രവർത്തിക്കുന്ന അംഗൻവാടികൾക്ക് ലൈബ്രറി

പുസ്തകങ്ങൾ വാങ്ങിനല്കുന്നതിന് സി.ഡി.പി.ഒ. ആവിഷ്കരിച്ച് നടപ്പിലാക്കിയതാണ് ഈ പ്രൊജക്ട്. 40 അംഗൻവാടികൾക്ക് 6250/- രൂപ വീതം വിലയുള്ള പുസ്തകങ്ങളാണ് ഈ പ്രൊജക്ട് മുഖേന നല്കിയിട്ടുള്ളത്.ടെണ്ടർ ക്ഷണിച്ച് ചേന്ദമംഗലത്തുള്ള സ്റ്റെയിറ്റ് വേ ട്രേഡിംഗ് എന്ന സ്ഥാപനത്തിൽ നിന്നുമാണ് പുസ്തകങ്ങൾ വാങ്ങിയിട്ടുള്ളത്. 05.09.12 ലെ സർക്കുലർ നം.38156 /ഡി എ 2/2012 തസ്വഭവ പ്രകാരം തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ പുസ്തകങ്ങൾ വാങ്ങുമ്പോൾ സർക്കാർ സ്ഥാപനമായ ബുക്ക്മാർക്കിന് മുൻഗണന നല്കണം. വരും വർഷങ്ങളിൽ പുസ്തകങ്ങൾ വാങ്ങുമ്പോൾ ബുക്ക്മാർക്കിന് മുൻഗണന നൽകേണ്ടതും ബുക്ക്മാർക്കിൽ ഇല്ലാത്ത പുസ്തകങ്ങൾ മാത്രം പുറമേ നിന്ന് വാങ്ങുന്നതിന് ശ്രദ്ധിക്കേണ്ടതുമാണ്.

## 3-4 വിനിയോഗിക്കാത്ത തുക തിരികെ ഈടാക്കിയില്ല

| | |
|---|---|
| പ്രൊജക്ട് നം.,പേര് | എസ് 010/18 , മാനസികവും ശാരീരികവും വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ് |
| അടങ്കൽ | 15,00,000/- (വികസനഫണ്ട്) |
| ചെലവ് | 15,00,000/- |
| ബിൽ നം.,തീയതി,തുക | 1) 01/17-18 ; 19.09.17 ; 12,50,000/- |
| | 2) 02/17-18 ; 13.10.17 ; 2,50,000/- |
| നിർവഹണഉദ്യോഗസ്ഥൻ | ചൈൽഡ് ഡെവലപ്മെന്റ് പ്രോഗ്രാം ഓഫീസർ |

2017-18 സാമ്പത്തികവർഷത്തിൽ ബ്ലോക്ക് പഞ്ചായത്തിലെ 6 പഞ്ചായത്തുകളിലെ മാനസികവെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ് നല്കുന്നതിന് സിഡിപിഒ ആവിഷ്കരിച്ച് നടപ്പിലാക്കിയ പ്രൊജക്ടാണിത്. ബിൽ നം.1 പ്രകാരം പിൻവലിച്ച തുകയിൽ 4,00,000/- രൂപ കുന്നത്തുനാട് ഗ്രാമപഞ്ചായത്തിന് നല്കിയിട്ടുണ്ട്. ടി തുകയിൽ 3,75,600/- മാത്രമേ സ്കോളർഷിപ്പ് നല്കുന്നതിന് ചെലവഴിച്ചിട്ടുള്ളൂ. ചെലവഴിക്കാതെ അവശേഷിക്കുന്ന 24,400 രൂപ തിരികെ ഈടാക്കുകയോ തുടർ വർഷങ്ങളിൽ സ്കോളർഷിപ്പ് ഇനത്തിൽ ചെലവഴിക്കുന്നതിന് നിർദ്ദേശം നല്കുകയോ ചെയ്യേണ്ടതാണ്.

## 3-5 സോളാർ പാനൽ പ്രവർത്തിക്കുന്നില്ല

| | |
|---|---|
| പ്രൊജക്ട് നം.,പേര് | എസ് 0123/18,വടവുകോട് ബ്ലോക്ക് പഞ്ചായത്തിൽ സോളാർ പാനൽ സ്ഥാപിക്കൽ |
| അടങ്കൽ | 330822/-(വികസനഫണ്ട്) |
| ചെലവ് | 324820/- |
| ബിൽ നം.,തീയതി,തുക | 1)19/17-18 ; 24.03.18 ; 319820/- |
| | 2)20/17-18 ; 24.03.18 ; 5000/- |

| നിർവഹണഉദ്യോഗസ്ഥൻ | സെക്രട്ടറി |
|---|---|

സൗരോർജ്ജപാനൽ സ്ഥാപിച്ച് ഓഫീസ് ആവശ്യത്തിനുള്ള വൈദ്യുതി ഉത്പാദിപ്പിക്കുന്നതിന് സെക്രട്ടറി നടപ്പാക്കിയ പ്രൊജക്ടാണിത്. സോളാർ പാനലും അനുബന്ധ ഉപകരണങ്ങളും സ്ഥാപിച്ച് വൈദ്യുതി ഉത്പാദിപ്പിച്ച് (5kW) ഓഫീസ് ഉപയോഗത്തിന് ശേഷമുള്ളത് കെഎസ്ഇബി ശൃംഖലയിലേക്ക് തിരിച്ചുനല്കുന്ന ഓൺ ഗ്രിഡ് വ്യവസ്ഥയിലാണ് പാനൽ സ്ഥാപിച്ചത്. ടെണ്ടർ ലഭിച്ചതിൽ ഏറ്റവും കുറഞ്ഞ തുക ക്വോട്ട് ചെയ്ത പെരുമ്പാവൂരിലെ ഇക്കോമേറ്റ് എനർജി സൊല്യൂഷൻസ് എന്ന സ്ഥാപനമാണ് പാനലിന്റെ വിതരണവും ഇൻസ്റ്റലേഷനും നടത്തിയത് (ബിൽ നം.EES/2017-18/A-128 ; 09.03.18 ; 319820/-). സിസ്റ്റം ടെസ്റ്റ് ചെയ്ത് മീറ്റർ കണക്ട് ചെയ്തതിന് കെഎസ്ഇബി ക്ക് 5000/- രൂപയും നല്കി. 15.03.18 ൽ പണിപൂർത്തിയാക്കിയതായുള്ള സർട്ടിഫിക്കറ്റ് ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്. ബ്ലോക്ക് ഓഫീസ് പ്രവർത്തിക്കുന്ന കെട്ടിടത്തിന്റെ മുന്നിലുള്ള കെട്ടിടത്തിന്റെ (ബ്ലോക്കിന്റെ തന്നെ) മുകളിലാണ് പാനൽ സ്ഥാപിച്ചിരുന്നത്. ഓഡിറ്റ് നടക്കുന്ന സമയത്ത് സോളാർ പാനൽ അവിടെ നിന്ന് മാറ്റി കെട്ടിടം പൊളിച്ചുള്ള പണി നടന്നു കൊണ്ടിരിക്കുകയായിരുന്നു. സോളാർ പാനൽ പുന:സ്ഥാപിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 3-6 ഹിൽ ഏരിയ ഡെവലപ്മെന്റ് ഏജൻസിയുടെ പഴം, പച്ചക്കറി വികസന പദ്ധതി

ഹിൽ ഏരിയ ഡെവലപ്മെന്റ് ഏജൻസിയുടെ പഴം, പച്ചക്കറി വികസന പദ്ധതി നടപ്പിലാക്കുന്നതിന് വടവുകോട് ബ്ലോക്കിനെ 2013-14 വർഷത്തേക്ക് തെരഞ്ഞെടുത്തിരുന്നു. ഭക്ഷ്യയോഗ്യമായ വിഷരഹിത പച്ചക്കറികളുടെ ഉദ്പാദനവും, വിതരണവും ലക്ഷ്യമിടുന്ന മേൽ പ്രോജക്ട് നടപ്പിലാക്കുന്നതിന് 393/ BHADA/13, തീ. 16.01.14 പ്രകാരം 26 ലക്ഷം രൂപ അനുവദിക്കുകയും ചെയ്തിരുന്നു. 24 ലക്ഷം രൂപ മഴുവന്നൂർ, തിരുവാണിയൂർ പഞ്ചായത്തുകളിൽ നിലവിലുള്ള കർഷക മാർക്കറ്റുകൾ വികസിപ്പിക്കുന്നതിനും, 2 ലക്ഷം രൂപ പഴം, പച്ചക്കറി തൈകളുടെ വിതരണത്തിനുമാണ് അനുവദിച്ചിരുന്നത്.

175 ഗുണഭോക്താക്കൾക്ക് ഫലവൃക്ഷ തൈകൾ വിതരണം നടത്തിയതിന് 50% സബ്സിഡി തുകയായ 48450/ രൂപ 2017-18 സാമ്പത്തിക വർഷത്തിൽ വി.എഫ്.പി.സി.കെ.ക്ക് നൽകുക മാത്രമാണ് മേൽ പ്രോജക്ടിൽ ചെയ്തത്. ബാക്കി തുക 25,51,550/- രൂപ ചെലാൻ നം. 1359172/28.03.17 പ്രകാരം സർക്കാരിലേക്ക് തിരിച്ചടക്കുകയും ചെയ്തു.

ബ്ലോക്ക് പഞ്ചായത്തിന്റെ ദീർഘകാല കാർഷിക വികസനം ലക്ഷ്യം വച്ചിരുന്ന മേൽ പ്രോജക്ട് നടപ്പാക്കാത്തതിൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നം. 1/20.02.19) മറുപടി നൽകിയില്ല. സർക്കാരിൽ നിന്നും, വിവിധ ഏജൻസികളിൽ നിന്നും ലഭിക്കുന്ന ഗ്രാന്റുകളും, ഫണ്ടും ഫലപ്രദമായി വിനിയോഗിച്ച് ബ്ലോക്ക് പഞ്ചായത്തിന്റെ വികസനത്തിനും, പുരോഗതിക്കും ലക്ഷ്യമിടുന്ന പദ്ധതികൾ നടപ്പാക്കുന്നതിന് കാര്യക്ഷമമായ പ്രവർത്തനങ്ങൾ നടത്തേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1. സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| കുന്നത്തുനാട് ഗ്രാമ പഞ്ചായത്ത് | 2017-18 | 50000 | വെമ്പിള്ളി പുത്തൻ പുര റോഡ് കട്ട വിരിക്കൽ | 423002 | 76998 |
| മഴുവന്നൂർ ഗ്രാമ പഞ്ചായത്ത് | 2017-18 | 80000 | PMAY | 20000 | 60000 |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നം. / ബിൽ നം | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| KWA | ഐക്കരനാട് ഗ്രാമ പഞ്ചായത്തിലെ കുട്ടക്കാഞ്ഞിരം കുരങ്ങാടൻ മല പൈപ്പ് ലൈൻ നീട്ടൽ | 06/17-18; 18.09.17 | 220000 | 0 | 220000 |
| KWA | കുന്നത്തുനാട് പഞ്ചായത്തിലെ കോഴിമല നെല്ലിക്കാമുഗൾ കോളനി പൈപ്പ് ലൈൻ നീട്ടൽ | 1)04/17-18; 31.07.17; 10,00,000/- 2)10/17-18; 27.11.17; 35,000/- | 1035000 | 0 | 1035000 |
| KWA | ഐക്കരനാട് ഗ്രാമ പഞ്ചായത്തിലെ മറ്റപ്പള്ളി കുരിശിന് സമീപം പൈപ്പ് ലൈൻ നീട്ടൽ | 13/17-18 ; 15.01.18 | 470000 | 0 | 470000 |
| KWA | മഴുവന്നൂർ പഞ്ചായത്തിലെ തട്ടാം മുകൾ ബ്ലാന്തേവർ അമർജവാൻ റോഡ് പൈപ്പ് | 21/17-18 ; 24.03.18 | 500000 | 0 | 500000 |

| | | | | | | |
|---|---|---|---|---|---|---|
| | ലൈൻ നീട്ടൽ | | | | | |

പ്രവൃത്തി പൂർത്തിയാക്കുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 4-3. മൊബിലൈസേഷൻ അഡ്വാൻസ്

മരാമത്ത് പ്രവൃത്തികൾക്ക് 2017-18 വർഷത്തിൽ മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് തുകയൊന്നും നൽകിയിട്ടില്ല.

## 4-4. വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം തിരിച്ചടച്ച വായ്പയുടേയും, വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തീയതി | വായ്പ തുക | വർഷാ രംഭത്തിൽതിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| *IAY ലോൺ പലിശ തിരിച്ചടവ്* | 90/13/ ത.സ്വ.ഭ.വ. lf. 14.3.2013 | 7200000 | 10260200 (7200000 principal + 3060200 interest) | 0 | 0 | 8463236 (7200000+ 1263236) |

## 4-5. സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-6. ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറിയിനത്തിൽ വരവൊന്നുമില്ല.

## 4-7. സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23 -ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2003-04 | 3(9) | 2006-07 | 3(9) | ഊന്നുകല്ല് നിരപ്പ് കോളനി ജലസേചനം- SCDO, വടവുകോട് | 17.1.2018 ൽ ഗ്രാമ വികസന കമ്മീഷണറേറ്റിൽ വെച്ച് ഓഡിറ്റ് അദാലത്ത് നടത്തുകയും പട്ടിക |

| | | | | | |
|---|---|---|---|---|---|
| | | | | | ജാതി വികസന ഓഫീസിൽ നിന്നും വിശദമായ മറുപടിയും ബ്ലോക്ക് പഞ്ചായത്ത് കമ്മറ്റിയുടെ തീരുമാനവും നൽകിയതായി അറിയിച്ചിട്ടുണ്ട് |
| 2005-06 | 3(10) | 2007-08 | 3(10) | SC വനിതകൾക്ക് തൊഴിൽ പരിശീലനം - നിയമ വിരുദ്ധമായി ഗുണഭോക്താക്കളെ തെരഞ്ഞെടുത്തു. തുക 42626/- SCDO, വടവുകോട് | സ്റ്റേറ്റ് പെർഫോർമൻസ് ഓഡിറ്ററുടെ അധ്യക്ഷതയിൽ തിരുവനന്തപുരത്തെ ലയം കോൺഫറൻസ് ഹാളിൽ വെച്ച് നടന്ന മീറ്റിംഗിൽ ഇതു സംബന്ധിച്ച വിശദമായ റിപ്പോർട്ട് നൽകിയതായും അറിയിച്ചിട്ടുണ്ട്. |
| 2005-06 | 3(11) | 2007-08 | 3(11) | SC വനിതകൾക്ക് കമ്പ്യൂട്ടർ പരിശീലനം നിയമ വിരുദ്ധമായി ഗുണഭോക്താക്കളെ തെരഞ്ഞെടുത്തു. തുക 44375/- SCDO, വടവുകോട് | |

# 4-8 ചാർജ് സർചാർജ് നടപടികളുടെ വിവരം

(എ) ചാർജ് നടപടി വഴി ഈടാക്കിയ തുക

| ക്രമ നം | വാർഷിക റിപ്പോർട്ട് | ഖണ്ഡിക നം | ഉത്തര വാദിയായ ഉദ്യോഗ സ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം, ഭരണ വകുപ്പ് | ചാർജ് സർട്ടി ഫിക്കറ്റ് | | സ്വയം അടവാക്കിയത്, (സ്ഥലം, തീയതി) | റവന്യൂ റിക്കവറിയിലൂടെ ഈടാക്കിയ തുക (തീയതി) | കോടതി വ്യവഹാര ങ്ങളിൽ | | ആകെ ലഭ്യമായ തുക | അവശേഷിക്കുന്ന തുക/ ബാദ്ധ്യത | റിമാർക്ക്സ് |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | | നമ്പരും തീയതിയും | തുക | | | ഉൾപ്പെട്ട തുക | ഈടാക്കിയ തുക | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 |
| ഇല്ല | | | | | | | | | | | | |

(ബി) സർചാർജ് നടപടി വഴി ഈടാക്കിയ തുക

| ക്രമ നം | വാർഷിക റിപ്പോർട്ട് | ഖണ്ഡിക നം | ഉത്തര വാദിയായ ഉദ്യോഗ സ്ഥന്റെ | ചാർജ് സർട്ടി ഫിക്കറ്റ് | സ്വയം അടവാക്കിയത്, (സ്ഥലം, തീയതി) | റവന്യൂ റിക്കവറിയിലൂടെ ഈടാക്കിയ | കോടതി വ്യവഹാര ങ്ങളിൽ | ആകെ ലഭ്യമായ തുക | അവശേഷിക്കുന്ന തുക/ ബാദ്ധ്യത | റിമാർക്ക്സ് |
|---|---|---|---|---|---|---|---|---|---|---|

| | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | പേര്, ഔദ്യോഗിക സ്ഥാനം, ഭരണ വകുപ്പ് | നമ്പരും തീയതിയും | തുക | | തുക (തീയതി) | ഉൾപ്പെട്ട തുക | ഈടാക്കിയ തുക | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 |
| ഇല്ല | | | | | | | | | | | | |

# 4-9. ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 52695595.00 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 65440727.00 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ളനഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 4706494 |

(ചെലവിനങ്ങളിലുള്ള നഷ്ടം, വരവിനങ്ങളിലുള്ള നഷ്ടം എന്നിവ ബി യിലേയും സി യിലേയും തുകയാണ്.)

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖ ണ്ഡിക നമ്പർ | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | | ഇല്ല | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 1481494 | റ്റി.ബി. മീരാൻ കുഞ്ഞ്, സെക്രട്ടറി |
| | 1000000 | ശ്രീമതി റ്റി.സി. സാലി, JBDO RH ഇൻ ചാർജ് |
| 3-2 | 220000, 1035000, 470000 | റ്റി.ബി. മീരാൻ കുഞ്ഞ്, സെക്രട്ടറി |
| | 500000 | ശ്രീമതി റ്റി.സി. സാലി, JBDO RH ഇൻ ചാർജ് |
| | 4706494 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| | ഇല്ല | |

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(എഫ്)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| റ്റി.ബി. മീരാൻ കുഞ്ഞ്, സെക്രട്ടറി | വിരമിച്ച | തട്ടുപറമ്പിൽ ഹൗസ്, അശമന്നൂർ പി.ഒ., ഓടക്കാലി, നൂലേലി, എറണാകുളം |
| ശ്രീമതി റ്റി.സി. സാലി, JBDO (RH) | JBDO , ആലങ്ങാട് ബ്ലോക്ക് പഞ്ചായത്ത് | മൂളൻ ഹൗസ്, ഓളനാട്, വരാപ്പുഴ , 683517 |

## 4-10. തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1995-96 | എൽ.എഫ്.ഇ.(സി.1)782/2012 തീയതി 16.05.2012 |
| 1996-97 | |
| 1997-98 | |
| 1998-99 | |
| 1999-2000 | |
| 2000-01 | |
| 2001-02 | |
| 2002-03 | |
| 2003-04 | |
| 2004-05 | |
| 2005-06 | എൽ.എഫ്.ഇ.(സി.1)782/2012 തീയതി 16.05.2012 |
| 2006-07 | |
| 2007-08 | |
| 2008-09 | |
| 2009-10 & 2010-11 | എൽ.എഫ്.ഇ.(ബി.പി.1)2462/13 തീയതി 19.02.2014 |
| 2011-12 | എൽ.എഫ്.ഇ.(ബി.പി.1)298/13 തീയതി 19.02.2014 |
| 2012-13 | എൽ.എഫ്.ഇ.(ബി.പി.1)302/14 തീയതി 10.09.2014 |
| 2013-14 | എൽ.എഫ്.ഇ.(ബി.പി.1)486/15 തീയതി 10.07.2015 |
| 2014-15 & 2015-16 | KSAEKM(BP) 1572/16 dt.4.10.2016 |
| 2016-17 | KSAEKM(BP) 2028/17/ 30.11.2017 |

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം,എറണാകുളം

.

# അനുബന്ധം - 1

## ഓഡിറ്റ് സാക്ഷ്യപത്രം

കെ.എസ്.എ.ഇ.കെ.എം.(ബി.പി) /2019

കേരളസംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം,
എറണാകുളം. 0484 2422271,
lfadekm@gmail.com

തീയതി:11.03.2019

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ്.4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 295(4) എന്നിവ അനുസരിച്ചും പഞ്ചായത്തുകളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ)1413/ 2018/ത.സ്വ. ഭ.വ, നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും വടവുകോട് ബ്ലോക്ക് പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു .

എന്റെ അഭിപ്രായത്തിൽ അന്യത്ര ചേർത്ത അപാകതകൾ ഒഴികെ സ്ഥാപനത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകൾ ശരിയായ വിധത്തിൽ സൂക്ഷിക്കുന്നു. സ്ഥാപനത്തിന്റെ വരവുകൾ യഥാവിധി കണക്കിലുൾപ്പെടുത്തിയിട്ടുണ്ട്. ചെലവുകൾ എല്ലാം തന്നെ വൗച്ചറുകളുടെ അടിസ്ഥാനത്തിലാണ്.

.

ജോയിന്റ് ഡയറക്ടർ

# അനുബന്ധം - 2

## 2017-18 സാമ്പത്തിക വർഷത്തിലെ വാർഷിക കണക്കുകളിലെ അപാകതകൾ.

1.സ.ഉ.(എം.എസ്.) 152 /2011/ ത.സ്വ.ഭ.വ. 26.7.2011 പ്രകാരം ഭൂമിയുൾപ്പെടെയുള്ള ആസ്തികൾ അക്കൗണ്ട് ചെയ്ത് ആസ്തി രജിസ്റ്ററിൽ രേഖപ്പെടുത്തി വാർഷിക കണക്കുകളുമായി പൊരുത്തപ്പെടുത്തിയിട്ടില്ല.

ജോയിന്റ് ഡയറക്ടർ